പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3758 — 15/05/2017-ൽ മറുപടിക്ക്

## അദ്ധ്യാപകരുടെ പ്രൊമോഷൻ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ്: | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 10-6-2015 ലെ 157/2015 നമ്പരായി ഇറക്കിയ സർക്കാർ ഉത്തരവിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായ സീനിയറായ അദ്ധ്യാപകരുടെ അഭാവത്തിൽ ടെസ്റ്റ് പാസ്സായ ജൂനിയറായ എച്ച്.എസ്.എ യ്ക്ക് മുൻഗണന നൽകി പ്രൊമോഷൻ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ ; | എ) | എയ്ഡഡ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരാകാൻ കെ.ഇ.ആർ അധ്യായം XIV A യിലെ ചട്ടം '44 എ' യിലെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്ന് 50 വയസ്സ് കഴിഞ്ഞവരെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രൊമോഷന് ടെസ്റ്റ് യോഗ്യത നേടിയ അദ്ധ്യാപകർ അതത് മാനേജ്മെന്റിൽ ഉണ്ടെങ്കിൽ അവർക്ക് പ്രൊമോഷന് മുൻഗണന നൽകുമെന്നാണ് 10-06-2015 ലെ സ.ഉ (എം.എസ്) നം. 157/2015/പൊവിവ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്. |
| (ബി) | ഇതിനായി കെ.ഇ.ആർ പ്രത്യേകമായി ഭേദഗതി ചെയ്തിട്ടുണ്ടോ; | (ബി) യും (സി) യും | ഇതിനായി കെ.ഇ.ആർ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ കെ.ഇ.ആർ ചട്ടം 44 (A) മുൻകാല പ്രാബല്യത്തിൽ ഭേദഗതി ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?. | | |

സെക്ഷൻ ഓഫീസർ